**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമല ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീ.ശ്രീകുമാർ.ജി യുടെ ക്യാൻസർ സംബന്ധമായ ചികിൽസയ്ക്ക് തിരുവനന്തപുരം എസ്.യു.ടി റോയൽ ആശുപത്രിയിൽ ചികിത്സ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ. (സാധാ) നം.**2568 /2016/**തസ്വഭവ. തീയതി, തിരുവനന്തപുരം, **01/09/2016**

---

പരാമർശം :

1) 11/07/12 ലെ 26423/G2/12/H&FWD നമ്പർ സർക്കുലർ.
2) ശ്രീ.എം.ലീനയുടെ 24/06/2013 ലെ അപേക്ഷ.
3) പെരിങ്ങമല ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26/06/2013 ലെ 3(3) നമ്പർ തീരുമാനം.
4) പഞ്ചായത്ത് ഡയറക്ടറുടെ 12/12/2013, 21/07/2014, 30/12/2015 04/11/2013,04/01/2016 തീയതികളിലെ എഫ്2-30065/13 നമ്പർ കത്തുകൾ.
5) ആരോഗ്യവകുപ്പ് ഡയറക്ടറുടെ **02/12/2015** ലെ MH5-64296/15/DHS നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമല ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീ.ശ്രീകുമാർ.ജി യുടെ ക്യാൻസർ സംബന്ധമായ ചികിൽസയ്ക്ക് തിരുവനന്തപുരം എസ്.യു.ടി റോയൽ ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം 5 ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 76,525/- രൂപ അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% ആയ 61,220/- രൂപ (അറുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി ഇരുപത് രൂപാ മാത്രം) അപേക്ഷകയ്ക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തുക പെരിങ്ങമല ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം 3 പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

(മറുപുറം...)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത, എന്നിവ ഉറപ്പുവരുത്തി തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമല ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റായ ശ്രീ.ശ്രീകുമാർ.ജി യുടെ ക്യാൻസർ സംബന്ധമായ ചികിൽസയ്ക്ക് തിരുവനന്തപുരം എസ്.യു.ടി റോയൽ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയ 76,525/- രൂപയുടെ 80% ആയ 61,220/- രൂപ (അറുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി ഇരുപത് രൂപാ മാത്രം) പ്രത്യേക കേസ്സായി പരിഗണിച്ച് സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ പെരിങ്ങമല ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീലേഖ.ഇ.എൻ**
ഗവ.ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
സെക്രട്ടറി, പെരിങ്ങമല ഗ്രാമപഞ്ചായത്ത്
ശ്രീ.എം.ലീന, w/o late ശ്രീ.ശ്രീകുമാർ.ജി, അക്കൗണ്ടന്റ്, പെരിങ്ങമല ഗ്രാമ പഞ്ചായത്ത് (പെരിങ്ങമലഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
ധനകാര്യ വകുപ്പ് (UO No. ww3/86/2016/Fin)
ആരോഗ്യകുടുംബക്ഷേമ വകുപ്പ് 27/02/2015 ലെ യു.ഒ.നം.55577/G2/14/H&WFD പ്രകാരം)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No.52746/EPA3/14/LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ